©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 3<br>3rd July 2018<br>1193 മിഥുനം 19<br>19th Mithunam 1193<br>1940 ആഷാഢം 12<br>12th Ashadha 1940 | നമ്പർ<br>No. 27 |

## PART III

## Fisheries Department

പരസ്യം

[2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ ചട്ടം 23-V(2)പ്രകാരം]

(1)

നമ്പർ സി-284/2018. 2018 ജൂൺ 4.

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ മാട്ടൂൽ അംശം, മടക്കര ദേശത്ത് പാറയിൽ എന്ന ഭവനത്തിൽ താമസിക്കുന്ന ശ്രീ. ഹരിദാസൻ, പി. എന്നയാളുടെ പേരിൽ ഡൗൺകപ്പക്കടവ്-2, മാട്ടൂൽ അഴീക്കൽ-1, കണക്കൻ കടവ്-1 എന്നീ നാല് ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിന് മത്സ്യവകുപ്പ് അനുമതി നൽകിയിട്ടുള്ളതാണ്. ശ്രീ. ഹരിദാസൻ, പി. 26-9-2014-ന് മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത 4 ഊന്നിവലകളുടെ ലൈസൻസ് തന്റെ പേരിലേക്ക് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രകാരം മാറ്റി അനുവദിക്കണമെന്ന് ശ്രീ. ഹരിദാസൻ, പി. യുടെ ഭാര്യയും അനന്തരാവകാശിയുമായ ശ്രീമതി ദാക്ഷായണി, പി. ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ അപേക്ഷിക്കുകയും ആയതിന്മേൽ നടത്തിയ അന്വേഷണത്തിൽ മത്സ്യത്തൊഴിലാളിയായ ശ്രീമതി ദാക്ഷായണി, പി. മേൽപ്പറഞ്ഞ ഊന്നിവല ലൈസൻസ് ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് അർഹരാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ. ഹരിദാസൻ, പി. എന്നയാളുടെ പേരിൽ ഡൗൺകപ്പക്കടവ്, മാട്ടൂൽ, അഴീക്കൽ, കണക്കൻ കടവ് എന്നിവിടങ്ങളിലുള്ള 4 ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീമതി ദാക്ഷായണി, പി. എന്നവരുടെ പേരിൽ കൈമാറി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉള്ളപക്ഷം ആയത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പുകൂടാതെ മേൽപ്പറഞ്ഞ 4 ഊന്നിവലകളുടെ അനുമതി കണ്ണൂർ ജില്ല, കണ്ണൂർ താലൂക്കിൽ മാട്ടൂൽ അംശം, മടക്കര ദേശത്ത് താമസം ആയ ശ്രീമതി ദാക്ഷായണി, പി. യുടെ പേർക്ക് അനുവദിച്ചു കൊടുക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

Gaz. No. 27/2018/DTP (Fisheries).

(2)

നമ്പർ സി-2685/2018. 2018 ജൂൺ 4.

കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, മാടായി അംശം, ദേശത്ത് യു. കെ. രാഘവൻ എന്നയാളുടെ പേരിൽ കാവും മുനമ്പ്-2 ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിന് മത്സ്യവകുപ്പ് അനുമതി നൽകിയിട്ടുള്ളതാണ്. ശ്രീ. യു. കെ. രാഘവൻ 15-10-2015-ന് മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത രണ്ട് ഊന്നിവലകളുടെ ലൈസൻസ് തന്റെ പേരിലേക്ക് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രകാരം മാറ്റി അനുവദിക്കണമെന്ന് ശ്രീ. യു. കെ. രാഘവന്റെ ഭാര്യയും അനന്തരാവകാശിയുമായ ശ്രീമതി വഞ്ചിപ്പുരയ്ക്കൽ ശുശീല ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ അപേക്ഷിക്കുകയും ആയതിന്മേൽ നടത്തിയ അന്വേഷണത്തിൽ മത്സ്യത്തൊഴിലാളിയായ ശ്രീമതി വഞ്ചിപ്പുരയ്ക്കൽ ശുശീല മേൽപ്പറഞ്ഞ ഊന്നിവല ലൈസൻസ് അവകാശം മാറ്റി നൽകുന്നതിന് അർഹയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അംഗീകൃത ഉൾനാടൻ മത്സ്യത്തൊഴിലാളിയാണെന്ന് മനസ്സിലാക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ. യു. കെ. രാഘവന്റെ പേരിൽ കാവും മുനമ്പിൽ നിലവിലുള്ള രണ്ട് ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീമതി വഞ്ചിപ്പുരയ്ക്കൽ ശുശീലയുടെ പേരിലേക്ക് കൈമാറി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉള്ളപക്ഷം ആയത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പുകൂടാതെ മേൽപ്പറഞ്ഞ രണ്ട് ഊന്നിവലകളുടെ അനുമതി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, മാടായി അംശം ദേശത്ത് താമസമായ ശ്രീമതി വഞ്ചിപ്പുരയ്ക്കൽ ശുശീലയുടെ പേർക്ക് അനുവദിച്ചു കൊടുക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.